POLICE DEPARTMENT

KERALA

**No. B1-54664/2016/RC**

സിറ്റി പോലീസ് ഓഫീസ്,

തൃശ്ശൂർ

cptsr.pol@kerala.gov.in

04872323011

തീയതി. 15-04-2017

**<u>പുനർ ലേലപരസ്യം</u>**

തൃശ്ശൂർ സിറ്റി പോലീസ് മേധാവിയുടെ കാര്യാലയത്തിൽ നിന്നും അറിയിക്കുന്നത് .

തൃശ്ശൂർ ജില്ലയിലെ പോലീസ് ക്ലബ്ബിൽ വീണു കിടക്കുന്ന രണ്ടു മാവിൻ വൃക്ഷങ്ങൾ 2017 ഏപ്രിൽ മാസം 27 തിയ്യതി പകൽ 11 മണിക്ക് പോലീസ് ക്ലബ്ബ് പരിസരത്ത് വച്ച് പരസ്യമായി പുനർ ലേലം നടത്തി വിൽക്കുന്നതാണ്.

**<u>നിബന്ധനകൾ</u>**

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിനു മുൻപ് ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായി 500/- രൂപ അടച്ച രശീത് കൈപറ്റേണ്ടതുമാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിച്ചവരിൽ നിന്നും മുദ്ര വച്ച കവറിൽ ദർഘാസും സ്വീകരിക്കുന്നതാണ്. കവറിന്റെ പുറത്ത് " പോലീസ് ക്ലബ്ബ് വളപ്പിലെ മരങ്ങളുടെ ലേലത്തിന്റെ ദർഘാസ് " എന്ന് എഴുതിയിരിക്കണം . ദർഘാസ് 2017ഏപ്രിൽ മാസം 25 തിയ്യതി 5 PM വരെ തൃശ്ശൂർ ജില്ല പോലീസ് ഓഫീസിലും തൃശ്ശൂർ ടൌൺ ഈസ്റ്റ് പോലീസ് ഇൻസ്പെക്ടറുടെ ഓഫീസിലും സ്വീകരിക്കുന്നതാണ് . ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തൃശ്ശൂർ ജില്ല പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യത്തിനു തുല്യമായ തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യണം . ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലം വിളിച്ച തുക/ ദർഘാസ് തുക ഇതിൽ ഇതാണോ കൂടുതൽ ആയതിനു ലേലം താൽകാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കൊണ്ട ആൾ ലേലത്തുകയുടെ / ദർഘാസ് തുകയുടെ പകുതി സംഖ്യ ഉടൻ തന്നെ അടക്കേണ്ടതാണ് . ലേല തുകയോടൊപ്പം 14.5 % വാറ്റും ലേലത്തുകയും വാറ്റും ചേർന്ന തുകയുടെ 5% വനവികസന നികുതിയായും അടച്ച് രസീത് കൈപറ്റേണ്ടതുമാണ്. ബാക്കി തുക ലേലം / ദർഘാസ് സ്ഥിരപെടുത്തിയ ഉത്തരവ് കൈപറ്റി 10 ദിവസത്തിനകം അടച്ച് സ്വന്തം ചെലവിൽ വകുപ്പിന്റെ മറ്റ് വസ്തുവകകൾക്ക് കേടുപാടില്ലാതെ മരങ്ങൾ മുറിച്ചു മാറ്റി കൊണ്ട് പോകേണ്ടതാണ് . ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ അവർ അടച്ച നിരതദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും .

ലേലം കൊണ്ട ആൾ മേല്പറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ ടിയാൻ കെട്ടി വച്ച നിരതദ്രവ്യം

സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും മരങ്ങൾ പുനർ ലേലം ചെയ്യുന്നതുമാണ്. പുനർ ലേലത്തിൽ നഷ്ടം ഉണ്ടായാൽ ആയതു ആദ്യം ലേലം കൊണ്ട ആളിൽ നിന്നും ഈടാക്കുന്നതാണ് . പുനർ ലേലത്തിൽ കൂടുതൽ തുക കിട്ടിയാൽ ആയതിനു ടിയാൻ അവകാശിയായിരിക്കുന്നതല്ല.

ലേലവസ്തുക്കൾ 2017 ഏപ്രിൽ മാസം 26 തിയ്യതി വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ തൃശ്ശൂർ ടൌൺ ഈസ്റ്റ് പോലീസ് ഇൻസ്പെക്ടറുടെ അനുമതിയോടെ രാവിലെ 10 മണിക്കും 5 മണിക്കും ഇടക്കുള്ള സമയത്ത് പരിശോധിക്കാവുന്നതാണ് . യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം തൃശ്ശൂർ ജില്ല പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ചുള്ള എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനു ബാധകമാണ് .

**<u>ലേലവസ്തുക്കൾ</u>**

| ക്രമ നമ്പർ | ഇനം | Girth (cm) BH | Height (appro.) | Timber (M3) | FW (MT) |
|---|---|---|---|---|---|
| 1 | മാവ് | 175 | 2 metres | 1.661 | 0.6305 |
| | മാവ് | 175 | " | 1.661 | 0.6305 |
| 2 | മാവ് | 160 | " | 1.449 | 0.5290 |
| | മാവ് | 220 | " | 2.869 | 1.2495 |

നാരായണൻ ടി ഐ പി എസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : 1. അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് , തൃശ്ശൂർ ,ഇൻസ്പെക്ടർ ഓഫ് പോലീസ് , തൃശ്ശൂർ ടൌൺ ഈസ്റ്റ് എന്നിവർക്ക് അറിവിലേക്കും വ്യാപക പരസ്യം നൽകുന്നതിനും 2. ബോർഡ് അംഗങ്ങൾക്ക് അറിവിലേക്കും അനന്തര നടപടികൾക്കുമായി

പകർപ്പ് : 1. എല്ലാ ജില്ല പോലീസ് മേധാവികൾക്കും, കമാണ്ടന്റുമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി. 2. തൃശ്ശൂർ സിറ്റിയിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി. 3. സെക്രട്ടറി, തൃശ്ശൂർ നഗരസഭ. 4. സ്റ്റോക്ക് ഫയലിലേക്ക് . 5. നോട്ടീസ് ബോർഡിലേക്ക്.